ടി, എ.ആർ.നഗർ എന്നീ വില്ലേജുകൾ നന്നമ്പ്രയ്ക്കും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതിയിൽ ഉൾപ്പെടുന്നു.

(1834) പൊച്ചക്കുന്നം വാട്ടർ സപ്ലൈ സ്കീം

ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഴക്കമ്പലം പഞ്ചായത്തിലെ പൊച്ചക്കുന്നം വാട്ടർ സപ്ലൈ സ്കീമിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിയിൽകൂടി കുടിവെള്ളം നൽകാൻ കഴിയാത്ത സ്ഥിതിയാണുള്ളത് എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 4 വർഷത്തിലേറെക്കാലമായി കോടികൾ ചെലവഴിച്ച് പൂർത്തീകരിച്ച ഈ പദ്ധതിയുടെ പരാജയം കണക്കിലെടുത്ത് പ്രസ്തുത പദ്ധതി ഉപേക്ഷിക്കപ്പെട്ട പദ്ധതിയായി അംഗീകരിച്ചു മറ്റൊരു പദ്ധതിക്ക് രൂപം കൊടുക്കുമോ?

ഉത്തരം

(എ) പൊച്ചക്കുന്നത്തുള്ള ഉന്നതതല ജലസംഭരണിയിൽ നിന്നും വെള്ളം വിതരണ ശൃംഖലയിലേക്ക് തുറന്നുവിടുമ്പോൾ 600 എം.എം. എ.സി. പൈപ്പുകൾ പൊട്ടുന്നതുകൊണ്ട് വിതരണ ശൃംഖലയിലേക്ക് ജലം കടത്തിവിട്ടു പദ്ധതി ഉപയോഗപ്രദമാക്കാൻ കഴിഞ്ഞിട്ടില്ല.

(ബി) ഉണ്ട്.

(സി) പൈപ്പു പൊട്ടുന്നതിനെപ്പറ്റിയും, ഈ പദ്ധതി എങ്ങനെ പൂർണ്ണമായി കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്നതിനെക്കുറിച്ചും ഐ.പി.ഡി. ചീഫ് എഞ്ചിനീയറിൽ നിന്നും വിശദമായ പഠനറിപ്പോർട്ട് ലഭിച്ചുകഴിഞ്ഞിട്ടുണ്ട്. ഇതു പരിശോധിച്ചു വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(1835) കോന്നിത്താഴം വാട്ടർ സപ്ലൈ സ്കീമിന്റെ അംഗീകാരത്തിനുള്ള നടപടി

ശ്രീ. അടൂർപ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിലെ കോന്നിത്താഴം വാട്ടർ സപ്ലൈ സ്കീമിന്റെ അംഗീകാരത്തിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിക്കായി ഏതെങ്കിലും ധനകാര്യസ്ഥാപനത്തിന്റെ സഹായത്തിനായി അഭ്യർത്ഥിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരുടെയെങ്കിലും സഹായാനുമതി ലഭിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(സി) എന്ത് തുകയ്ക്കുള്ള പ്രോജക്ടാണ് തയ്യാറാക്കിയിരിക്കുന്നതെന്നും എന്നത്തേക്ക് ഈ പദ്ധതിയുടെ പണി ആരംഭിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കോന്നി നിയോജകമണ്ഡലത്തിൽ കോന്നിത്താഴം വില്ലേജിനു വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി കേന്ദ്രഗവണ്മെന്റിന്റെ ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി അനുസരിച്ച് രൂപകൽപ്പന ചെയ്യാനാണ് ആദ്യം ഉദ്ദേശിച്ചിരുന്നത്. എന്നാൽ രാജീവ്ഗാന്ധി നാഷണൽ ഡ്രിങ്കിംഗ് വാട്ടർ മിഷന്റെ ആഭിമുഖ്യത്തിൽ നടത്തിയ സർവ്വേയിൽ പ്രസ്തുത പദ്ധതിക്ക് എ.ആർ.പി. സഹായം ലഭിക്കാൻ അർഹതയില്ലെന്ന് കണ്ടെത്തി. അതിനാൽ ഈ പദ്ധതി എൽ.ഐ.സി. നിബന്ധന പ്രകാരം രൂപകൽപ്പന ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു. അതനുസരിച്ച് ഈ പദ്ധതിയുടെ ഡിസൈൻ ജോലികൾ പുരോഗമിച്ചുവരുന്നു. പദ്ധതിയുടെ ഡിസൈൻ അംഗീകരിച്ചതിനു ശേഷം വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതാണ്.

(ബി) പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയശേഷം 2000-2001-ലെ എൽ.ഐ.സി. ധനസഹായത്തിനായി സമർപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) പദ്ധതിയുടെ വിശദമായ ഡിസൈൻ അംഗീകരിച്ചതിനുശേഷമേ അടങ്കൽത്തുക എത്രയെന്ന് തിട്ടപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. 2001- മാർച്ച് മാസത്തോടെ പദ്ധതിക്ക് എൽ.ഐ.സി. ധനസഹായം ലഭ്യമാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷ. അതിനുശേഷമേ പദ്ധതി ആരംഭിക്കാൻ ,സാധിക്കുകയുള്ളൂ.

(1837) ചൊവ്വര ശുദ്ധജലവിതരണ പദ്ധതി

ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചൊവ്വര പറവൂർ ശുദ്ധജലവിതരണ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; എത്ര രൂപയാണ് ഇതിന്റെ എസ്റ്റിമേറ്റ് സംഖ്യ; വായ്പ എവിടെനിന്നാണ്; വായ്പ ലഭ്യമായോ; വർക്ക് ടെന്റർ ചെയ്യാൻ എന്തെങ്കിലും തടസ്സം ഉണ്ടോ; ഉണ്ടെങ്കിൽ എന്താണ്; ഇത് സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ;

(ബി) ഈ ശുദ്ധജലവിതരണ പദ്ധതികൾ ഏതൊക്കെ പ്രദേശങ്ങളിലാണ് ഗുണം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പറവൂർ-ഞാറയ്ക്കൽ പ്രദേശങ്ങളിലെ കടുത്ത ശുദ്ധജല ക്ഷാമം പരിഹരിക്കുവാൻ ഉതകുന്ന ഈ പദ്ധതി സമയബന്ധിതമായി നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ; ഈ സാമ്പത്തികവർഷം തന്നെ ഈ പദ്ധതിയുടെ പണികൾ ആരംഭിക്കാൻ നടപടി ഉണ്ടാകുമോ?

ഉത്തരം

(എ) ചൊവ്വര/പറവൂർ ശുദ്ധജല പദ്ധതിയുടെ വിശദമായ സർവ്വേ നടത്തി ജോലി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ എസ്റ്റിമേറ്റ് തുക, 37.23 കോടി രൂപയാണ്. എൽ.ഐ.സി.യിൽ നിന്നാണ് വായ്പ ലഭിച്ചിട്ടുള്ളത്. വായ്പ ഭാഗികമായി ലഭ്യമായിട്ടുണ്ട്. ചൊവ്വര ശുദ്ധജലവിതരണ പദ്ധതിക്ക് ചൊവ്വരയിൽ നിന്നും പറവൂർ വരെ പൈപ്പിടുന്നതിന് റോഡ് വെട്ടിപ്പൊളിക്കുന്നതിനും, കേരളാ സ്റ്റേറ്റ് കൺസ്ട്ര

LIBRARY ARCHIVES Kerala Legislative Assembly